(42) 17/05/19 TCPCTP/778/2019-E3

9/4/19 RTI

പ്രേഷിതൻ

എം.എം. യാക്കൂബ്
സാഗ ടവർ ബിൽഡിംഗ്
എം.ജി.റോഡ്, തിരുവനന്തപുരം-1
മൊ: 9895357585

TCPCTP/778/2019-E3

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്
സ്വരാജ് ഭവൻ, തിരുവനന്തപുരം-3

No. D3/6571/2015

സർ,

2005 ലെ വിവരാവകാശ നിയമപ്രകാരം താഴെ പറയുന്ന കാര്യങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ശരിയായ വിവരങ്ങൾ തരാൻ അപേക്ഷിക്കുന്നു.

1. വഞ്ചിയൂർ വില്ലേജിൽ ഫോർട്ട് വാർഡിൽ കോട്ടമതിലിന്റെ പുറകിലുള്ള പി. പ്രേമകുമാരിയുടെ സ്ഥലത്ത് വീട് നിർമ്മിക്കാനുള്ള അപേക്ഷയെ പുരാവസ്തു വകുപ്പിലെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റിന്റെ അന്യായമായ താല്പര്യപ്രകാരം അനാവശ്യമായ കാലതാമസവും തടസ്സവും ഉണ്ടാക്കുന്നതായി ആർട്ട് & ഹെറിറ്റേജ് കമ്മിഷന് 2017, 2018 വർഷങ്ങളിൽ ശ്രീമതി പ്രേമകുമാരിയിൽ നിന്ന് പരാതി കിട്ടിയിട്ടുണ്ടോ?

2. മേൽപ്പറഞ്ഞ പരാതിയിൽ ചീഫ് ടൗൺ പ്ലാനറും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും നേരിട്ട് സ്ഥലത്ത് ചെന്ന് പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ.

3. പ്രധാനപ്പെട്ട സംരക്ഷിത സ്മാരകമായ പഴവങ്ങാടി കോട്ടയിൽ ചേർത്ത് 2018, 2019 വർഷങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ആർട്ട് & ഹെറിറ്റേജ് കമ്മിഷൻ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ.

E3

4. മേൽപ്പറഞ്ഞ പി. പ്രേമകുമാരിയുടെ അടുത്ത പുരയിടത്തിൽ കോട്ട മതിലിന്റെ പുറകിൽ ഒന്നും രണ്ടും മീറ്റർ വ്യത്യാസത്തിൽ അഭേദാനന്ദ ആശ്രമം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ കാരണം കോട്ടമതിലിന് ഭീഷണി ഉള്ളതായി പുരാവസ്തു ഡയറക്ടർ ആർട്ട് & ഹെറിറ്റേജ് കമ്മിഷന് കത്ത് തന്നിട്ടുണ്ടെങ്കിൽ ടി കത്തിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ.

5. പി. പ്രേമകുമാരിയുടെ പരാതി സംബന്ധിച്ച് സർക്കാരിലേക്ക് ചീഫ് ടൗൺ പ്ലാനർ അയച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ

DESPATCHED

വിശ്വസ്തതയോടെ,